പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1018 30.09.2016 ലെ മറുപടിയ്ക്ക്

## വെളിയന്നൂർ ചല്ലി കൃഷി യോഗ്യമാക്കുന്നതിനുള്ള നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ. ദാസൻ | | ശ്രീ.വി.എസ്.സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൊയിലാണ്ടി - പേരാമ്പ്ര മണ്ഡലങ്ങളിലായി പരന്നുകിടക്കുന്ന വെളിയന്നൂർ ചല്ലി കൃഷി യോഗ്യമാക്കുന്നതിന് സർക്കാരിന്റെ മുമ്പിൽ കൃഷി വകുപ്പ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡവലപ്മെന്റ് & മാനേജ്മെന്റ് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ കേരള ലാന്റ് ഡവലപ്മെന്റ് കോർപ്പറേഷനും സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡവലപ്മെന്റ്& മാനേജ്മെന്റും ചേർന്ന് 790.991 ലക്ഷം രൂപയുടെ പദ്ധതി 2014-15 വർഷം RIDF (Rural Infrastructure Development Fund) ൽ സമർപ്പിക്കപ്പെട്ടിരിന്നുവെങ്കിലും അനുമതി ലഭിച്ചില്ല. |
| (ബി) | കാർഷിക മേഖലയിൽ ഈ പ്രദേശത്തിന് വലിയ സാധ്യതകൾ ഉണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വെളിയന്നൂർ ചല്ലി കാർഷിക പ്രാധാന്യമുള്ള വികസന പദ്ധതികൾക്ക് ഉപയോഗപ്പെടുത്താൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ? | (ബി) | ഉണ്ട്. നടപ്പ് സാമ്പത്തിക വർഷം പ്രദേശത്തെ 75 ഏക്കർ കൃഷി യോഗ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ